# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1046 — 25/01/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ കോർപ്പറേഷന്റെ കൊല്ലം സബ് ഡിവിഷണൽ ആഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. നൗഷാദ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഇ.എസ്.ഐ കോർപ്പറേഷൻ, കൊല്ലം സബ് റീജിയണൽ ഓഫീസ് അടച്ചുപൂട്ടാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നീക്കം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ഇ.എസ്.ഐ കോർപ്പറേഷന്റെ കൊല്ലം സബ് റീജിയണൽ ഓഫീസ് തിരുവനന്തപുരം സബ് റീജിയണൽ ഓഫീസിൽ ലയിപ്പിക്കുന്ന വിഷയം 06.12.2017 ൽ നടന്ന ഇ.എസ്.ഐ കോർപ്പറേഷന്റെ മീറ്റിംഗിൽ അജണ്ട നം. ESIC-27 ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി അജണ്ട പിൻവലിച്ചതായി മിനിട്സിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ കൂടുതൽ സബ്-റീജിയണൽ ഓഫീസുകൾ തുറക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഇ.എസ്.ഐ കോർപ്പറേഷൻ മുമ്പാകെ വച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ആവശ്യം ഉന്നയിച്ചിട്ടില്ല |
| (സി) | സംസ്ഥാനത്തെ ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽപെടുന്ന തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | ഉണ്ട്. ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ 31.03.2016 ലെ കണക്കുപ്രകാരം 7,72,209 തൊഴിലാളികൾ ഉണ്ടായിരുന്നത് 31.03.2017 ൽ 9,29,160 ആയി വർദ്ധിച്ചിട്ടുണ്ട് |
| (ഡി) | ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | | |
| (ഇ) | ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (ഇ) | ഇ.എസ്.ഐ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡോക്ടർ (അലോപ്പതി) | 125 |
| 2 | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 |
| 3 | ദന്തൽസർജൻ | 2 |
| 4 | ഫാർമസിസ്റ്റ് ഗ്രേഡ് - II | 34 |
| 5 | ഫാർമസിസ്റ്റ് ഗ്രേഡ് - II (ഹോമിയോ) | 2 |
| 6 | എ.എൻ.എം | 4 |
| 7 | എക്സ്റേ ടെക്നീഷ്യൻ ഗ്രേഡ് - II | 2 |
| 8 | ഓപ്പറേഷൻ തീയറ്റർ ടെക്നീഷ്യൻ | 3 |
| 9 | ഇ.സി.ജി. ടെക്നീഷ്യൻ | 4 |
| 10 | ദന്തൽ ഹൈജീനിസ്റ്റ് | 1 |
| 11 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II | 5 |

സെക്ഷൻ ഓഫീസർ